നം.എച്ച്2/35920/11/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 22.02.2012.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - അദ്ധ്യാപക പാക്കേജ് സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

വായന:-

അദ്ധ്യാപക പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയിട്ടുള്ള ഓൺ ലൈൻ സോഫ്റ്റ് വെയറിൽ താഴെപ്പറയുന്ന കാര്യങ്ങളുടെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

1) അദ്ധ്യാപകരുടെ വിവരങ്ങൾ സംബന്ധിച്ച് സ്പാർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളാണ് ഇതിന് ഉപയോഗിക്കുന്നത്. എന്നാൽ സ്പാർക്ക് ഡാറ്റാ പലതും അപൂർണ്ണവും അപ്ഡേറ്റ് ചെയ്യാത്തതുമായതിനാൽ PEN NUMBER മാത്രം പരിശോധിയ്ക്കേണ്ടതും അതാത് അദ്ധ്യാപകരുടെ PEN ആണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ചേർക്കേണ്ട മറ്റു വിവരങ്ങൾ ചേർക്കുന്നതിനും പരിശോധിക്കുന്നതിനും വ്യത്യാസമുണ്ടെങ്കിൽ തിരുത്തുന്നതിനും പിന്നീട് അവസരം നൽകുന്നതാണ്.

2) 2010-11 അദ്ധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള അദ്ധ്യാപകരുടെ എണ്ണവും ഡിവിഷനും സംബന്ധിച്ച വിവരങ്ങളാണ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന് വ്യത്യാസമുണ്ടെങ്കിൽ ആയത് ശരിയാക്കുന്നതിനുള്ള അവസരവും പിന്നീട് നൽകുന്നതാണ്.

3) സ്കൂളുകളിലെ കുട്ടികളുടെ എണ്ണം, അനുവദിയ്ക്കപ്പെട്ടിട്ടുള്ള ഡിവിഷനുകൾ എന്നിവ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ പ്രകാരം 3/10/2011-ന് മുൻപ് ഉൾപ്പെടുത്തിയ വിവരങ്ങൾ ആണ് ഇപ്പോൾ സോഫ്റ്റ്വെയറിൽ ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത ഡാറ്റ ശരിയായി ചേർക്കേണ്ടതാണ്. ഈ വിവരങ്ങൾ തിരുത്തുന്നതിന് പിന്നീട് അവസരം ലഭിയ്ക്കുന്നതല്ല.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

എല്ലാ ഡി.ഡി.ഇ./ഡി.ഇ.ഒ./എ.ഇ.ഒ.മാർക്കും.
ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ.

ഇ.ബി.22/2